MALBARI

# സൽസ്വഭാവം

Co-operative office for Call & foreigners Guidance at Sultan

e Co-operative Office for Call & foreigners Guidance at Sultanah
er the supervision of Ministry of Islamic Affairs and Endowment and Call and Guidance
4240077 Fax 4251005 P.O. Box 92675 Riyadh 11663 E-mail: Sultanah22@hotmail.com

# الأخلاق في الإسلام

## أعده وترجمه إلى اللغة المليالم

## شعبة توعية الجاليات في الزلفي

الطبعة الأولى: ١٤٢١/٢ هـ.


ح شعبة توعية الجاليات بالزلفي، ١٤٢١هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

شعبة توعية الجاليات (الزلفي)

الأخلاق في الإسلام -الزلفي

٢٨ ص؛ ١٢/١٧ سم

ردمك: ٧-٨٣-٨١٣-٩٩٦٠

(النص باللغة المليالم)

١- الأخلاق الإسلامية أ- العنوان

ديوي ٢١٢،٢ ٢١/٠٧٠٣

رقم الإيداع: ٢١/٠٧٠٣

ردمك: ٧-٨٣-٨١٣-٩٩٦٠

الصف والإخراج: شعبة توعية الجاليات في الزلفي

# الأخلاق في الإسلام

# സൽസ്വഭാവം

സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. അല്ലാഹുവിൻെറ തിരുദൂതരിൽ അവൻെറ കൃപാകടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

ഇസ്ലാം എന്ന മഹാ അനുഗ്രഹം നമുക്ക് നൽകി, തന്മൂലം സൽസ്വഭാവികളാകാൻ കൽപിച്ച, സൽസ്വഭാവിക്ക് മഹത്തായ പ്രതിഫലം നൽകുന്ന അല്ലാഹുവിനെ നാം സ്തുതിക്കുക. الحمد لله

പ്രവാചകന്മാരുടെയും സദ്വൃത്തരുടെയും ഏറ്റവും മഹത്തായ ഗുണങ്ങളിൽ ഉൾപെട്ട ഒന്നാണ് സൽസ്വഭാവം. അതുമൂലം മനുഷ്യൻ ഉയർന്ന നിലവാരമുള്ളവനാകും. മുഴുവൻ സൽസ്വഭാവങ്ങളുടെയും വിളനിലം എന്ന വിശേഷണം നബി ﷺ ക്ക് നൽകിക്കൊണ്ട് അല്ലാഹു പറയുന്നു:

﴿وَإِنَّكَ لَعَلَى خُلُقٍ عَظِيمٍ﴾ القلم: ٤

**തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു** (വി.ക്വു. 68:4)

സൽസ്വഭാവം പരസ്പര സ്നേഹവും ഇണക്കവും ഉണ്ടാക്കും. ദുസ്വഭാവം പരസ്പര വിദ്വേഷവും പകയും മാത്രമേ ഉണ്ടാക്കുകയുള്ളൂ. സൽസ്വഭാവത്തിൻെറ ഫലം ഇഹത്തിലും പരത്തിലും ലഭ്യമാണെന്ന് വ്യക്തം. സൽസ്വഭാവത്തെയും തഖ്വ (ഭയഭക്തി) യെയും അല്ലാഹു ഒരുമിച്ചു ചേർത്തിരിക്കുന്നു. നബി ﷺ പറയുന്നു:

((أَكْثَرُ مَا يُدْخِلُ النَّاسَ الْجَنَّةَ تَقْوَى اللَّهِ وَحُسْنُ الْخُلُقِ)) [الترمذي و الحاكم]

മനുഷ്യരെ കൂടുതലായി സ്വർഗ്ഗപ്രവേശത്തിനു കാരണമാക്കുന്നവ ദൈവഭക്തിയും സൽസ്വഭാവും ആകുന്നു. [തുർമുദീ, ഹേകിം]

മുഖപ്രസന്നത, മനുഷ്യരെ സഹായിക്കൽ, അവരെ ഉപദ്രവിക്കാതിരിക്കൽ എന്നിവയെല്ലാം സൽസ്വഭാവങ്ങളാണ്. ഇവക്കെല്ലാം പുറമെ മുസ്ലിം നല്ലവാക്കു പറയുകയും, കോപത്തെ നിയന്ത്രിക്കുകയും, മറ

ച്ചുവെക്കുകയും, മറ്റുള്ളവരുടെ ഉപദ്രവങ്ങൾ ക്ഷമാപൂർവ്വം സഹിക്കുകയും ചെയ്യുന്നത് ഇതിലുൾപെടുന്നു. നബി ﷺ പറഞ്ഞു:

((بُعِثْتُ لِأُتَمِّمَ مَكَارِمَ الأَخْلَاقِ)) رواه أحمد

എല്ലാ നല്ലസ്വഭാവങ്ങളുടെയും പൂർത്തീകരണത്തിനു വേണ്ടിയാണ് ഞാൻ നിയോഗിതനായിട്ടുള്ളത്. [അഹ്മദ്]

നബി ﷺ ഒരിക്കൽ ഇങ്ങനെ ഉപദേശിച്ചു:

((يَا أَبَا هُرَيْرَةَ ! عَلَيْكَ بِحُسْنِ الْخُلُقِ)) قَالَ أَبُو هُرَيْرَةَ: وَمَا حُسْنُ الْخُلُقِ يَا رَسُولَ اللَّهِ؟ قَالَ(( تَصِلُ مَنْ قَطَعَكَ، وَتَعْفُو عَمَّنْ ظَلَمَكَ، وَتُعْطِي مَنْ حَرَمَكَ)) رواه البيهقي في الشعب.

ഹോ, അബൂഹുറയ്റാ! താങ്കൾ സൽസ്വഭാവമുള്ളവനാകുക. അബൂഹുറയ്റ ചോദിച്ചു: ദൈവദൂതരേ, ഏതെല്ലാമാണ് സൽസ്വഭാവങ്ങൾ? നബി: നിന്നോട് ബന്ധം വിഛേദിച്ചവനോട് നീ ബന്ധം ചേർക്കുക, നിന്നെ അക്രമിച്ചവർക്കു നീ മാപ്പുകൊടുക്കുക, നിനക്കു ദാനം നൽകാത്തവന് നീ ദാനം നൽകുക. [ബൈഹഖി]

സഹോദരാ, ഈ മഹനീയ ഗുണത്തിനുള്ള പ്രതിഫലം എത്രമാത്രമാണെന്ന് നോക്കൂ. നബി ﷺ പറഞ്ഞു:

((إِنَّ الرَّجُلَ لَيُدْرِكُ بِحُسْنِ خُلُقِهِ دَرَجَةَ الصَّائِمِ الْقَائِمِ)) رواه أحمد

ഒരു മനുഷ്യൻ തൻെറ സൽസ്വഭാവം നിമിത്തം നിത്യം നോമ്പനുഷ്ഠിക്കുകയും, രാത്രി നിന്നു നമസ്കരിക്കുകയും ചെയ്യുന്നവൻെറ പദവിയിലെത്തുക തന്നെ ചെയ്യും. [അഹ്മദ്]

സൽസ്വഭാവത്തെ ഈമാനിൻെറ പൂർത്തീകരണമായി നബി ﷺ എണ്ണിയിരിക്കുന്നു. അദ്ദേഹം പറഞ്ഞു:

(( أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا))

സത്യവിശ്വാസികളിൽ, വിശ്വാസം സമ്പൂർണ്ണമായവർ അവരിൽ ഏറ്റവും നല്ലസ്വഭാവമുള്ളവരാകുന്നു.

നബി ﷺ യുടെ ഈ വചനത്തെ കുറിച്ചു ചിന്തിച്ചു നോക്കൂ:

((أَحَبُّ النَّاسِ إِلَى اللَّهِ أَنْفَعُهُمْ، وَأَحَبُّ الأَعْمَالِ إِلَى اللَّهِ عَزَّوَجَلَّ سُرُورٌ تُدْخِلُهُ عَلَى مُسْلِمٍ، أَوْ تَكْشِفُ عَنْهُ كُرْبَةً، أَوْ تَقْضِي دَيْنًا، أَوْ تَطْرُدَ عَنْهُ جُوعًا، وَلأَنْ أَمْشِيَ مَعَ أَخِي الْمُسْلِمِ فِي حَاجَةٍ أَحَبُّ إِلَيَّ مِنْ أَنْ أَعْتَكِفَ فِي الْمَسْجِدِ شَهْرًا)) رواه الطبراني

ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപകാരം ചെയ്യുന്നവനാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവൻ. അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തി; ഒരു മുസ്‌ലിമിൻെറ മനസ്സിലേക്ക് നീ നൽകുന്ന സന്തോഷമാണ്,അല്ലെങ്കിൽ അവൻെറ ബുദ്ധിമുട്ട് അകറ്റലാണ്, അല്ലെങ്കിൽ അവൻെറ ഒരു കടം വീട്ടിക്കൊടുക്കലാണ്, അല്ലെങ്കിൽ അവൻെറ വിശപ്പ് അകറ്റലാണ്. ഒരു പള്ളിയിൽ ഒരുമാസം ഇഅ്തികാഫ് (ഭജനം) ഇരിക്കുന്നതിനെക്കാൾ എനിക്കിഷ്ടം, എൻെറ ഒരു മുസ്‌ലിം സഹോദരൻെറ പ്രശ്നപരിഹാരത്തിനായി അവൻെറ കൂടെ ഇറങ്ങിപ്പുറപ്പെടലാണ്. [ത്വബ്റാനീ]

സഹോദരാ, താങ്കൾ പറയുന്ന സൗമ്യമായ ഒരു ചെറുവാക്കിൽ താങ്കൾക്ക് മഹത്തായ പ്രതിഫലം ലഭിക്കാനുണ്ട്. അത് പോലും താങ്കളുടെ ഒരു ദാനമായിത്തീരും. നബി ﷺ പറഞ്ഞു:

((...وَالْكَلِمَةُ الطَّيِّبَةُ صَدَقَةٌ)) متفق عليه

.....നല്ല ഒരുവാക്ക് പറയുന്നതു പോലും സദഖഃ (പുണ്യകർമ്മം) ആകുന്നു. [ബുഖാരി-മുസ്‌ലിം]

നല്ലവാക്കുകൾ മഹനീയ പ്രതിഫലമുള്ളവയാണെന്നതു പോലെത്തന്നെ, അവ ഹൃദയങ്ങളെ തമ്മിൽ അടുപ്പിക്കുന്നു, മനസ്സുകളെ പരസ്പര സ്നേഹമുള്ളവയാക്കുന്നു, വിഷമവും വൈരാഗ്യവും ഇല്ലാതാക്കുന്നു.

നല്ലപെരുമാറ്റം, വിഷമങ്ങൾ സഹിക്കുക എന്നീ കാര്യങ്ങളെ പ്രോത്സാഹനം നൽകുന്ന നബിവചനങ്ങൾ അനെകമുണ്ട്. അതിൽപെട്ട ഒരുവചനമിതാ:

((اِتَّقِ اللّٰهَ حَيْثُمَا كُنْتَ، وَأَتْبِعِ السَّيِّئَةَ الْحَسَنَةَ تَمْحُهَا، وَخَالِقِ النَّاسَ بِخُلُقٍ حَسَنٍ)) رواه الترمذي

നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക. ഒരു തെറ്റു ചെയ്തു പോയാൽ ഉടനടി ഒരു നന്മയും ചെയ്യുക. ആ നന്മ തിന്മയെ മായിച്ചു കളയും. ജനങ്ങളോട് നല്ലസ്വഭാവത്തോടെ പെരുമാറുക. [തുർമുദി]

മുസ്‌ലിമിൻെറ സൽസ്വഭാവം എന്നും, എല്ലായിടത്തും അവൻെറ കൂടെയുണ്ടാകും. അതിനാൽ തന്നെ അവനെ ജനങ്ങൾ ഇഷ്ടപ്പെടുന്നു. അവൻെറ എല്ലാ മാർഗത്തിലും, അവൻ പ്രവേശിക്കുന്ന എല്ലാസ്ഥലങ്ങളിലും അവർ അവൻെറ സാന്നിദ്ധ്യവും സാമീപ്യവും ഇഷ്ടപ്പെടുകയും ചെയ്യുന്നു.

ഒരുമനുഷ്യൻ തൻെറ ഭാര്യക്കു നൽകുന്ന ഒരുപിടി ഭക്ഷണത്തിനു പോലും പ്രതിഫലമുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. നബി ﷺ പറഞ്ഞു:

((وَإِنَّكَ مَهْمَا أَنْفَقْتَ مِنْ نَفَقَةٍ فَهِيَ صَدَقَةٌ، حَتَّى اللُّقْمَةَ تَرْفَعُهَا إِلَى فِي امْرَأَتِكَ)) رواه البخاري

നീ എന്തു ചെലവഴിക്കുന്നതും ദാനമാണ്. നിൻെറ ഭാര്യയുടെ വായിലേക്ക് നീ വെച്ചുകൊടുക്കുന്ന ഭക്ഷണത്തിൻെറ ഒരു ഉരുള വരെ. [ബുഖാരി]

സഹോദരാ, സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. തനിക്കു ഇഷ്ടമായ എന്തും തൻെറ സഹോദരനും ഉണ്ടാകുന്നതു ഇഷ്ടപ്പെടൽ ഒരു മുസ്‌ലിമിന് നിർബന്ധമാണ്. താങ്കൾക്ക് ഏറ്റവും ഇഷ്ടമായത് എന്താണെന്ന് താങ്കൾ ആലോചിക്കുക, എന്നിട്ട് അത് താങ്കളുടെ സഹോദരന് സമ്മാനിക്കുക. താങ്കൾക്ക് ഇഷ്ടമില്ലാത്ത ഒന്ന് അദ്ദേഹത്തിനു കൊടുക്കരുത്. അല്ലാഹുവിനെ രക്ഷിതാവായും, ഇസ്‌ലാമിനെ മതമായും, മുഹമ്മദ് നബി ﷺയെ പ്രവാചകനും ദൈവദൂതനുമായി അംഗീകരിക്കുന്ന ഒരാളെ താങ്കൾ നിന്ദിക്കാതിരിക്കുക. നബി ﷺ അതിനെ കുറിച്ച് മുന്നറിയിപ്പു നൽകിയിട്ടുള്ളത് ഇങ്ങനെയാണ്:

((بِحَسْبِ امْرِئٍ مِنَ الشَّرِّ أَنْ يَحْقِرَ أَخَاهُ الْمُسْلِمَ)) رواه مسلم

മുസ്ലിമായ തൻെറ സഹോദരനെ അവഹേളിക്കുന്നതു തന്നെമതി ഒരാൾക്കു പാപമായിട്ട്. [മുസ്ലിം]

സഹോദരാ, അനായാസം ചെയ്യാവുന്ന ആരാധനയും, എളുപ്പമുള്ള മാർഗ്ഗവുമാണിത്. നബി ﷺ അബുദ്ദർദാഇനോട് ചോദിച്ചു: ഏറ്റവും എളുപ്പമുള്ളതും, ശരീരത്തിന് ആയാസം വളരെ കുറഞ്ഞതുമായ ആരാധനാ കർമ്മങ്ങൾ ഞാൻ നിനക്കു പറഞ്ഞു തരട്ടെയോ? അബുദ്ദർദാഅ്: അതെ, ദൈവദൂതരേ. നബി: നീ മൗനം പാലിക്കുക, സൽസ്വഭാവിയാകുക. ഇതിനു സമമായി മറ്റൊന്നും നിനക്കു ചെയ്യാൻ കഴിയില്ല.

സൽസ്വഭാവിയുടെ പ്രതിഫലം, പകൽ മുഴുവൻ നോമ്പെടുക്കുന്ന, രാത്രിമുഴുവൻ എഴുന്നേറ്റു നമസ്കരിക്കുന്ന സത്യവിശ്വസിയുടെ പ്രതിഫലത്തിനു സമാനമാണ്. നബി ﷺ പറഞ്ഞതു പോലെ:

((إِنَّ الرَّجُلَ لَيُدْرِكُ بِحُسْنِ خُلُقِهِ دَرَجَةَ الصَّائِمِ الْقَائِمِ)) رواه أحمد

ഒരു മനുഷ്യൻ തൻെറ സൽസ്വഭാവം നിമിത്തം നിത്യം നോമ്പനുഷ്ഠിക്കുകയും, രാത്രി നിന്നു നമസ്കരിക്കുകയും ചെയ്യുന്നവൻെറ പദവിയിലെത്തുക തന്നെ ചെയ്യും. [അഹ്മദ്]

ഇതുവെച്ചു കൊണ്ട് അബുദ്ദർദാഅ് رضي الله عنه ഇങ്ങനെ പറയാറുണ്ടായിരുന്നു: മുസ്ലിമായ ഒരാൾ തൻെറ സ്വഭാവം നന്നാക്കുന്നതിലൂടെ അവൻെറ സ്വഭാവം അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. തൻെറ സ്വഭാവം ദുഷിപ്പിക്കുന്നതിലൂടെ അവൻ നരകത്തിലും പ്രവേശിക്കുന്നു.

## സൽസ്വഭാവിയുടെ അടയാളങ്ങൾ

സൽസ്വഭാവത്തിൻെറ വിവിധ വശങ്ങൾ പലകാര്യങ്ങളിലും അടങ്ങിയിട്ടുണ്ട്. അതിൽ പെട്ടതാണ്:

മനുഷ്യൻ ലജ്ജാശീലനും, സത്യം പറയുന്നവനും, മിതഭാഷിയും, കഠിനാദ്ധ്വാനിയും, തെറ്റുകൾ കുറഞ്ഞവനും, നിരുപദ്രവകാരിയും അ

നാവശ്യം പറയാത്തവനും, ബന്ധങ്ങൾ ചേർക്കുന്ന പുണ്യവാനും, ക്ഷമാശീലനും, നന്ദിയുള്ളവനും, സംതൃപ്തനും, വിവേകിയും, സൗമ്യനും, അഭിമാനിയും ആയിരിക്കും. ശാപവാക്കുകൾ പറയുന്ന, അസഭ്യം വിളിച്ചു പറയുന്ന, പരദൂഷണവും ഏഷണിയും പറയുന്ന, എല്ലാറ്റിലും ധൃതികാണിക്കുന്ന, അസൂയാലുവും, പിശുക്കനും, വൈരാഗ്യമുള്ളവനും ആകാതിരിക്കുക. സദാ പുഞ്ചിരിക്കുന്നവനും സന്തുഷ്ടനുമായിരിക്കുക. സ്നേഹിക്കുകയും, സംതൃപ്തനാകുകയും കോപിക്കുകയും ചെയ്യുന്നതെല്ലാം അല്ലാഹുവിൻെറ മാർഗ്ഗത്തിലാകുക.

സൽസ്വഭാവിയായ മനുഷ്യൻ ജനങ്ങൾ അവനു വരുത്തിവെക്കുന്ന അനർത്ഥങ്ങളെ ക്ഷമാപൂർവ്വം സഹിക്കും. അവർ ചെയ്തു കൊണ്ടിരിക്കുന്ന തെറ്റുകൾക്ക് ന്യായീകരണങ്ങളും, ഒഴികഴിവുകളും അവൻ സ്വയം കണ്ടെത്തും.

അവരുടെ ന്യൂനതകളും തെറ്റുകളും ചുഴുന്നന്വേഷിക്കുന്ന പ്രവണത ഒഴിവാക്കാൻ അങ്ങേയറ്റം താൽപര്യത്തോടെ വർത്തിക്കും. ഒരു സത്യവിശ്വാസി ഒരിക്കലും ഒരു ദുസ്വഭാവി ആയിക്കൂടാ. സൽസ്വഭാവത്തിനുള്ള പ്രാധാന്യവും, അതുമൂലം ലഭിക്കാനിരിക്കുന്ന മഹത്തായ പ്രതിഫലത്തെ കുറിച്ചും നബി ﷺ അടിക്കടി ഉണർത്തിയിട്ടുണ്ട്.

عن أسامة بن شريك قال: كنا جلوسا عند رسول الله ﷺ:...إذ جاءه أناس فقالوا: من أحب عباد الله إلى الله ــ تعالى ــ؟ قال: (( أَحْسَنُهُمْ أَخْلَاقًا )) رواه الطبراني.

ഉസാമതുബ്നു ശെരീക് رضي الله عنه പറയുന്നു: ഞങ്ങൾ നബി ﷺ യുടെ സന്നിധിയിൽ ഇരിക്കുകയായിരുന്നു. അന്നേരം കുറച്ച് ആൾക്കാർ അവിടെ വന്നു ചോദിച്ചു: അല്ലാഹുവിന് ഏറ്റവും പ്രിയമുള്ള അവൻെറ ദാസന്മാർ ആരാണ്? നബി: അവരിൽ നല്ലസ്വഭാവമുള്ളവർ. [ത്വബ്റാനി]

عن عبد الله بن عمر قال: سمعت رسول الله ﷺ يقول: (( ألا أُخْبِرُكُمْ بِأَحَبِّكُمْ إِلَيَّ، وَأَقْرَبِكُمْ مِنِّي مَجْلِسًا يَوْمَ الْقِيَامَةِ ؟)) قالوا: نعم يا رسول الله ، قال: ((أَحْسَنُكُمْ خُلُقًا)) رواه أحمد.

അബ്ദുല്ലാഹിബ്നു ഉമർ ﷺ പറയുന്നു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു: എനിക്ക് ഏറ്റവും പ്രിയമുള്ളവരും, അന്ത്യനാളിൽ എന്റെ ഏറ്റവും അടുത്ത് ഇരിപ്പിടമുള്ളവരും ആരെന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെയോ? അവർ പറഞ്ഞു: അതെ, ദൈവദൂതരേ. നബി: നിങ്ങളിൽ ഏറ്റവും ഉൽകൃഷ്ടസ്വഭാവമുള്ളവർ. [അഹ്മദ്]

നബി ﷺ പറഞ്ഞു:

((مَا مِنْ شَيْءٍ أَثْقَلَ فِي مِيزَانِ الْعَبْدِ يَوْمَ الْقِيَامَةِ مِنْ خُلُقٍ حَسَنٍ...)) أحمد

അന്ത്യനാളിൽ ഒരുമനുഷ്യന്റെ ത്രാസിൽ, സൽസ്വഭാവത്തെക്കാൾ ഭാരംകൂടിയ ഒരുവസ്തുവും ഉണ്ടായിരിക്കില്ല. [അഹ്മദ്]

## നബി ﷺ യുടെ സ്വഭാവങ്ങൾ

നബി ﷺ തന്റെ അനുയായികളെ പഠിപ്പിക്കുന്ന സൽസ്വഭാവങ്ങളുടെ ഏറ്റവും ഉത്തമമായ മാതൃക അദ്ദേഹം തന്നെയായിരുന്നു. നബി ﷺ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിനു മുമ്പു തന്നെ അക്കാര്യം സ്വയം ചെയ്തു കൊണ്ടാണ് അവരിൽ ഉന്നതമായ ഗുണങ്ങൾ വളർത്തിയെടുത്തത്.

عن أنس ﷺ قال: ((خَدَمْتُ النَّبِيَّ ﷺ عَشْرَ سِنِينَ، وَاللَّهِ مَا قَالَ لِي: أُفٍّ قَطُّ، وَلاَ قَالَ لِشَيْءٍ : لِمَ فَعَلْتَ كَذَا؟ وَهَلاَّ فَعَلْتَ كَذَا؟)) رواه مسلم.

അനസ് ﷺ പറയുന്നു: ഞാൻ നബി ﷺ ക്ക് പത്തുവർഷം സേവനം ചെയ്തിട്ടുണ്ട്. അല്ലാഹുവാണ, സത്യം, ഒരിക്കലെങ്കിലും അദ്ദേഹം എന്നോട് "ഛെ" എന്ന വാക്ക് ഉച്ചരിച്ചിട്ടില്ല. നീ എന്തിന് അങ്ങനെ ചെയ്തു? അല്ലെങ്കിൽ നീ എന്തുകൊണ്ട് അങ്ങനെ ചെയ്തില്ല? എന്നോ അദ്ദേഹം ചോദിച്ചിട്ടില്ല. [മുസ്ലിം]

عن أنس ﷺ قال: كُنْتُ أَمْشِي مَعَ رَسُولِ اللَّهِ ﷺ وَعَلَيْهِ بُرْدٌ غَلِيظُ الْحَاشِيَةِ، فَأَدْرَكَهُ أَعْرَابِيٌّ فَجَبَذَهُ جَبْذَةً شَدِيدَةً، حَتَّى نَظَرْتُ فِي صَفْحَةِ عَاتِقِ رَسُولِ اللَّهِ ﷺ، وقد اثرت به حاشية البرد من شدة الجبذة، ثـم

قال: يا محمد ، مر لي من مال الله الذي عندك! فالتفت إليه رســـول الله ﷺ وضحك، وأمر له بعطاء. رواه البخاري

അനസ് ﷺ പറയുന്നു: ഞാൻ നബി ﷺ യുടെ കൂടെ നടന്നു പോകുകയായിരുന്നു. അദ്ദേഹം കട്ടികൂടിയ കരയോടു കൂടിയ ഒരു പുതപ്പ് പുതച്ചിട്ടുണ്ടായിരുന്നു. ഒരു ഗ്രാമീണനായ അറബി വന്നു, ആ പുതപ്പു പിടിച്ചു ശക്തമായി വലിച്ചു. ഞാൻ നബി ﷺ യുടെ പിരടിയിലേക്കു നോക്കിയപ്പോൾ, ആ വലിയുടെ കാഠിന്യം നിമിത്തം അവിടെ കട്ടിയുള്ള കരയുടെ പാടു വീണിരുന്നു. അനന്തരം ഗ്രാമീണൻ പറഞ്ഞു: മുഹമ്മദേ! നിൻെറയടുക്കലുള്ള അല്ലാഹുവിൻെറ ധനത്തിൽ നിന്ന് എനിക്ക് വല്ലതും തരാൻ കൽപിക്കൂ. നബി ﷺ ഒന്നു തിരിഞ്ഞു നോക്കി, ചിരിച്ചു. അയാൾക്ക് (അയാൾ ആവശ്യപ്പെട്ടത്) കൊടുക്കാൻ നബി ﷺ കൽപിക്കുകയും ചെയ്തു. [ബുഖാരി]

سئلت عائشة ـ زوج النبي ـ : ما كان يفعل في بيته؟ قالت:(( كان يكون في مهنة أهله فإذا حضرت الصلاة يتوضأ ويخرج إلى الصلاة)) مسلم.

നബി ﷺ തൻെറ വീട്ടിനകത്ത് എന്താണ് ചെയ്യാറുള്ളതെന്ന് ചോദിക്കപ്പെട്ട ആഇശഃ ﷺ പറഞ്ഞു: അദ്ദേഹം തൻെറ കുടുംബത്തിൻെറ ജോലിയിൽ (ഭാര്യയെ) സഹായിക്കുകയായിരിക്കും. നമസ്കാര സമയമായാൽ വുദു എടുത്ത് നമസ്കരിക്കാൻ പോകും. [മുസ്‌ലിം]

عن عبد الله بن الحارث قال:(( ما رأيت أحدا أكثر تبسما من رسول الله ﷺ)) رواه الترمذي

അബ്ദുല്ലാഹിബ്നു ഹേരിഥ് ﷺ പറയുന്നു: നബി ﷺ യെക്കാൾ കൂടുതൽ പുഞ്ചിരിക്കുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല. [തുർമുദി]

നബി ﷺ യുടെ ജീവചരിത്രം നമ്മോട് വിളിച്ചു പറയുന്ന ഒരുകാര്യമുണ്ട്; അദ്ദേഹം തീരെ പിശുക്കു കാണിക്കാതെ ചിലവഴിക്കുന്ന ഔദാര്യവാനും, സത്യത്തിൻെറ പാതയിൽ നിന്ന് ഒരിക്കലും പിന്തിരിയാത്ത

ധൈര്യവാനും, ഒരാളോടും അക്രമം കാണിക്കാത്ത നീതിമാനും, ജീവിതം മുഴുക്കെ സത്യസന്ധനും വിശ്വസ്തനും ആയിരുന്നു.

عن جابر ﷺ قال: (( ما سئل النبي ﷺ فقال:لا))

ജാബിർ ﷺ പറയുന്നു: നബി ﷺ യോട് വല്ലതും ചോദിക്കപ്പെട്ടിട്ട്, "ഇല്ല" എന്ന് അദ്ദേഹം പറഞ്ഞിട്ടില്ല.

നബി ﷺ തന്റെ സ്വഹേബികളോട് തമാശ പറയും, അവരോട് ഇടകലർന്നു പ്രവർത്തിക്കും, അവരുടെ പിഞ്ചുമക്കളെ പിടിച്ചു മടിയിലിരുത്തി, അവരോട് കൊച്ചുവർത്തമാനങ്ങൾ പറയും, അവരുടെ ക്ഷണം സ്വീകരിക്കും, രോഗികളെ സന്ദർശിക്കും, അവരുടെ ഒഴികഴിവുകൾ നബി അംഗീകരിച്ചു കൊടുക്കും. അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട പേരു കൊണ്ട് അവരെ അഭിസംബോധന ചെയ്യും, ഒരാളുടെയും സംസാരത്തിനിടയിൽ കയറി തടസ്സപ്പെടുത്തുമായിരുന്നില്ല.

عن أبي قتادة قال: لما جاء وفد النجاشي قام النبي ﷺ يخدمهم، فقال له أصحابه: نكفيك، فقال:(( إنهم كانوا لأ صحابنا مكرمين، وإني أحب أن أكافئهم))

അബൂഖതാദഃ ﷺ പറയുന്നു: നജ്ജാശി രാജാവിന്റെ അടുക്കൽ നിന്നുള്ള നിവേദക സംഘം നബി ﷺ യുടെ അടുക്കൽ വന്നപ്പോൾ അവർക്ക് അദ്ദേഹം സേവനം ചെയ്തു കൊടുത്തു. ഇതുകണ്ട സ്വഹേബികൾ പറഞ്ഞു: അതു ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം. നബി: അവർ നമ്മുടെ കൂട്ടുകാരെ (അബ്സീനിയായിലേക്കു ഹിജ്റ പോയ മുസ്ലിംകളെ) ആദരിച്ചവരാണ്. അവർക്ക് ഒരു പ്രത്യുപകാരം ചെയ്യുന്നത് എനിക്ക് ഏറെ ഇഷ്ടമുള്ള കാര്യമാണ്.

നബി ﷺ പറയുകയും ചെയ്തു. ഞാൻ ഒരു ദാസൻ മാത്രമാണ്. ഒരു ദാസൻ ഭക്ഷിക്കുന്നതു പോലെ മാത്രം ഞാൻ ഭക്ഷിക്കുകയും, ഒരു അടിമ ഇരിക്കുന്നതു പോലെ ഞാൻ ഇരിക്കുകയും ചെയ്യും. അദ്ദേഹം കഴുതപ്പുറത്ത് സവാരി ചെയ്യുകയും അഗതികളെ സന്ദർശിക്കുകയും ദരിദ്രരുടെ കൂടെ ഇരിക്കുകയും ചെയ്യുമായിരുന്നു.

## സത്യസന്ധത

മുസ്‌ലിം തന്റെ നാഥനിലുള്ള വിശ്വാസത്തിലും, മറ്റു ജനങ്ങളോടും സത്യസന്ധത പുലർത്തണം. തന്റെ വാക്കിലും പ്രവൃത്തിയിലും സത്യസന്ധനായിരിക്കണം. അല്ലാഹു പറയുന്നു:

﴿ يا أيها الذين آمنوا اتقوا الله وكونوا مع الصادقين ﴾ التوبة:١١٩

**സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക.** (വി.ക്വു. 9:119)

عن عائشة قالت: (( ما كان خلق أبغض إلى رسول الله ﷺ من الكذب)) رواه أحمد

ആഇശഃ (റ) പറയുന്നു: കളവു പറയുന്നതിനെക്കാൾ നബി ﷺ ക്ക് ദേഷ്യമുള്ള മറ്റൊരു ദുസ്വഭാവമുണ്ടായിരുന്നില്ല. [അഹ്‌മദ്]

ഇമാം മാലിക് റിപ്പോർട്ടു ചെയ്യുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

سئل رسول الله ﷺ: ((أيكون المؤمن جبانا؟قال: نعم! قيل له : أيكون المؤمن بخيلا؟ قال: نعم ! قيل له : أيكون المؤمن كذابا ؟قال: لا)) رواه مالك

നബി ﷺ ചോദിക്കപ്പെട്ടു: ഒരു സത്യവിശ്വാസി ഭീരുവാകാൻ പറ്റുമോ? നബി: അതെ. ഒരു സത്യവിശ്വാസി ലുബ്ധനാകാമോ? നബി: അതെ. ഒരു സത്യവിശ്വാസി കള്ളംപറയുന്നവനാകാമോ? നബി: പാടില്ല. [മാലിക്]

മതകാര്യങ്ങളിൽ കളവു ചമച്ചുണ്ടാക്കൽ മഹാപാപമാണ്. ഏറ്റവും മോശമായ കളവുമാണത്. അതിനു പ്രതിഫലം നരകം മാത്രമാണ്. നബി ﷺ പറഞ്ഞു:

((من كذب علي متعمدا فليتبوأ مقعده من النار)) رواه البخاري

എന്റെ പേരിൽ ആരെങ്കിലും കളവു പറഞ്ഞാൽ, അവൻ അവന്റെ ഇരിപ്പിടം നരകത്തിൽ ഒരുക്കിക്കൊള്ളട്ടെ. [ബുഖാരി]

കുട്ടികൾ മുതിർന്നു വരുമ്പോൾ സത്യം പറയുന്നവരായിത്തീരാൻ വേണ്ടി ചെറുപ്പ കാലത്തിലേ അവരുടെ മനസ്സിൽ ഈ നല്ലസ്വഭാവം നട്ടുവളർത്താൻ ഇസ്‌ലാം നിഷ്കർഷിച്ചിരിക്കുന്നു.

عن أبي هريرة ﷺ عن النبي ﷺ أنه قال: (( من قال لصبي: تعال، هاك، ثم لم يعطه فهي كذبة)) رواه أحمد

അബൂഹുറയ്റ ﷺ വിൽ നിന്ന് നിവേദനം; നബി ﷺ പറഞ്ഞു: ആരെങ്കിലും ഒരു കുട്ടിയോട്; വാ, നിനക്കു ഞാൻ (ഒരു സാധനം) തരാം, എന്നു പറഞ്ഞിട്ട്, അതു കൊടുക്കാതിരുന്നാൽ അതും ഒരു കള്ളമാണ്. [അഹ്മദ്]

തമാശക്കു വേണ്ടിപോലും കള്ളം പറയുന്നത് ഉപേക്ഷിക്കാൻ നബി ﷺ കൽപിച്ചു. തമാശക്കാണെങ്കിലും കളവു പറയാത്തവന് സ്വർഗത്തിൻെറ മദ്ധ്യത്തിൽ ഒരു ഭവനം നബി ﷺ വാഗ്ദത്തം ചെയ്തിട്ടുണ്ട്. അദ്ദേഹം അരുളി:

(( أنا زعيم ببيت في وسط الجنة، لمن ترك الكذب وإن كان مازحا)) البيهقي

തമാശ രൂപത്തിലുള്ള കളവു പോലും ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തിൻെറ നടുവിൽ ഒരു ഭവനം ഞാൻ വാഗ്ദത്തം ചെയ്യുന്നു. [ബൈഹഖി]

ഒരു വ്യാപാരി തൻെറ ചരക്കുകൾ ചെലവാക്കാൻ പലപ്പോഴും കളവു പറഞ്ഞെന്നു വരും. അതിനെ കുറിച്ച് നബി ﷺ താക്കീതു ചെയ്തതിങ്ങനെയാണ്:

((لا يحل لمسلم يبيع سلعة، يعلم أن بها داء، إلا أخبر به)) البخاري

ഒരു ന്യൂനത തൻെറ ചരക്കിനുണ്ടെന്ന് അറിഞ്ഞു കൊണ്ട്, അത് വെളിവാക്കാതെ ആ വസ്തു വിൽക്കാൻ ഒരു മുസ്‌ലിമിന് പാടുള്ളതല്ല. [ബുഖാരി]

## വിശ്വസ്തത

വിശ്വസ്തരായിരിക്കാൻ ഇസ്‌ലാം അതിൻെറ അനുയായികളോട് കൽപിക്കുന്നു. താൻ ചെയ്യുന്ന ജോലി ചെറുതായാലും, വലുതായാ

ലും അതിൽ തന്റെ രക്ഷിതാവിനെ സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നു. അല്ലാഹു തനിക്കു നിർബന്ധമാക്കിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിലും, ജനങ്ങളോടുള്ള എടവാടുകളിലും ഒരു മുസ്ലിം വിശ്വസ്തത പുലർത്തുന്നവനാണ്. തന്നിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം യഥാർത്ഥ രൂപത്തിൽ നിർവ്വഹിക്കുന്നതിലുള്ള പ്രതിബദ്ധതക്കാണ് "അമാനത്ത്" (വിശ്വസ്തത) എന്ന് പറയുക. അല്ലാഹു പറയുന്നു:

﴿ إن الله يأمركم أن تؤدوا الأمانات إلى اهلها وإذا حكمتم بين الناس أن تحكموا بالعدل...﴾ النساء:٥٨

**വിശ്വസിച്ചേൽപിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്കു നിങ്ങൾ കൊടുത്തു വീട്ടണമെന്നും, ജനങ്ങൾക്കിടയിൽ തീർപ്പു കൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പു കൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു...**(വി.ക്വു. 4:58)

അമാനത്ത് എന്നാൽ ഏൽപിക്കപ്പെട്ട വസ്തു (അനാമത്ത് മുതൽ) സൂക്ഷിക്കൽ മാത്രമാണെന്ന ഒരു ധാരണ ചിലർക്കുണ്ട്. അത് തീർത്തും ശരിയല്ല. അമാനത്ത് ഇതിനെക്കാൾ വിപുലമായ ഒന്നാണ്. തന്നിലർപ്പിതമായ കർത്തവ്യങ്ങളോടും കർമ്മങ്ങളോടും -അവ മതപരമാകട്ടെ, അല്ലാത്തവയാകട്ടെ- കൂറുപുലർത്തിക്കൊണ്ട് അത് നിർവ്വഹിക്കുക എന്നതാണ് അമാനത്ത് (വിശ്വസ്തത).

# വിനയം

മുസ്ലിം തരം താഴാത്തവിധം വിനയാന്വിതനായിരിക്കണം. അവൻ ഒരിക്കലും അഹംഭാവിയാകരുത്. അല്ലാഹു പറയുന്നു:

﴿...واخفض جناحك لمن اتبعك من المؤمنين ﴾ الشعراء:٢١٥

**...നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറകു താഴ്ത്തിക്കൊടുക്കുകയും ചെയ്യുക** (വി.ക്വു. 26:215)

നബി ﷺ പറഞ്ഞു:

((ما تواضع أحد لله إلا رفعه)) مسلم

അല്ലാഹുവിൻെറ പ്രീതി മോഹിച്ചു വിനയാന്വിതനായവനെ അല്ലാഹു ഉയർത്താതിരിക്കില്ല. [മുസ്ലിം]

((...إن الله أوحى إلي أن تواضعوا حتى لا يفخر أحد على أحد، ولا يبغي أحد على أحد)) رواه مسلم

നിങ്ങൾ പരസ്പരം ഗർവ്വു നടിക്കാതെ, വിനയാന്വിതരാകണം, നിങ്ങൾ പരസ്പരം അതിക്രമം കാണിക്കരുത് എന്നെല്ലാം അല്ലാഹു എനിക്ക് ദിവ്യസന്ദേശം നൽകിയിട്ടുണ്ട്. [മുസ്ലിം]

**വിനയത്തിൻെറ അടയാളങ്ങൾ**: അഗതികൾ, ദരിദ്രർ എന്നിവരുടെ കൂടെ ഇരിക്കൽ, അവരോട് അവജ്ഞ കാണിക്കാതിരിക്കൽ, എല്ലാവരോടും പുഞ്ചിരിക്കൽ, മറ്റുള്ളവരെക്കാൾ കേമനാണെന്ന ഭാവം നടിക്കാതിരിക്കുക.

നബി ﷺ -ഈ സമുദായത്തിൻെറ നേതാവും ദൈവദൂതനും ആയിരുന്നിട്ടു പോലും-തൻെറ വീട് തൂത്തുവാരുക, ആടിനെ കറക്കുക, വസ്ത്രം തുന്നുക, വേലക്കാരൻെറ കൂടെ ഭക്ഷണം കഴിക്കുക, ചന്തയിൽ പോയി സാധനം വാങ്ങിക്കൊണ്ടു വരിക, സത്യവിശ്വാസികൾക്ക്-വലിപ്പ, ചെറുപ്പ, സമ്പന്ന, ദരിദ്ര - വ്യത്യാസമന്യേ ഹസ്തദാനം നടത്തുക എന്നിവയെല്ലാം ചെയ്യാറുണ്ടായിരുന്നു.

## ലജ്ജ

ലജ്ജ വിശ്വാസത്തിൻെറ ഒരു ശാഖയാണ്. ഇതു മൂലം ഒരാൾക്കും നന്മയല്ലാതെ വരാൻ പോകുന്നില്ല എന്ന് നബി ﷺ പറഞ്ഞതായി ബുഖാരിയിലും മുസ്ലിമിലും കാണാം.

അത്യുൽകൃഷ്ഠമായ ഈ സ്വഭാവത്തിലും മുസ്ലിമിൻെറ മാതൃക പ്രവാചകൻ ﷺ തന്നെയാണ്. നബി ﷺ അങ്ങേയറ്റം ലജ്ജാശീലനായിരുന്നു. അബൂസഈദ് ؓ പറയുന്നു:

((...فإذا رأى شيئا يكرهه عرفناه في وجهه)) رواه البخاري

.......നബി ﷺ ക്ക് വെറുപ്പുള്ള വല്ലകുാര്യവും അദ്ദേഹം കാണാനിടയായാൽ, അത് അദ്ദേഹത്തിൻെറ മുഖത്ത് നിന്ന് ഞങ്ങൾക്ക് മനസ്സിലാകുമായിരുന്നു. [ബുഖാരി]

സത്യം പറയുക, അറിവു കരസ്ഥമാക്കുക, നന്മ കൽപിക്കുക, തിന്മ വിരോധിക്കുക തുടങ്ങിയ കാര്യങ്ങളിൽ നിന്ന് ഒരു മുസ്ലിമിനെ അവൻെറ ലജ്ജാശീലം തടയുകയില്ല. ഉമ്മുസുലൈം പറയുന്ന ഒരു ഹദീഥ് കാണുക:

يا رسول الله! إن الله لا يستحيي من الحق، فهل على المرأة غسل إذا احتلمت ؟ قال: (( نعم، إذا هي رأت الماء)) رواه البخاري

ഉമ്മുസുലൈം ചോദിച്ചു; ദൈവദൂതരേ, അല്ലാഹു സത്യത്തിൻെറ കാര്യത്തിൽ ലജ്ജിക്കാത്തവനാണല്ലോ, സ്ത്രീക്ക് സ്വപ്നസ്ഖലനം സംഭവിച്ചാൽ അവൾ കുളിക്കേണ്ടതുണ്ടോ? നബി: അതെ, സ്വപ്നസ്ഖലനം നടന്നു എന്ന് അവൾക്ക് ബോദ്ധ്യപ്പെട്ടാൽ. [ബുഖാരി]

ഇതു ചോദിക്കാൻ ഉമ്മുസുലൈമിന് അവരുടെ ലജ്ജ തടസ്സമായില്ല.

എന്നാൽ ലജ്ജ ഒരു മുസ്ലിമിനെ ദുഷ്കർമ്മങ്ങളിൽ നിന്നും, തന്നിലേൽപിക്കപ്പെടുന്ന കാര്യങ്ങളിൽ വീഴ്ചവരുത്തുന്നതിൽ നിന്നും, ജനങ്ങളുടെ രഹസ്യങ്ങൾ പരസ്യപ്പെടുത്തുന്നതിൽ നിന്നും, ജനങ്ങളോട് മോശമായി പെരുമാറുന്നതിൽ നിന്നുമൊക്കെ തടയേണ്ടതാണ്.

മനുഷ്യനും അവൻെറ പടച്ചവനും തമ്മിലുള്ള കാര്യത്തിൽ ലജ്ജ വളരെ അത്യാവശ്യമാണ്. കാരണം, സൃഷ്ടിച്ചു, അനുഗ്രഹങ്ങൾ നൽകിയ തൻെറ നാഥനെ അനുസരിക്കുക, നന്ദികാണിക്കുക തുടങ്ങിയ കാര്യങ്ങളിൽ വീഴ്ചവരുത്തുന്നതിൽ ലജ്ജയുള്ളവനായിരിക്കണം. നബി ﷺ പറഞ്ഞു:

(( فالله أحق أن يستحيا منه من الناس)) رواه البخاري

ലജ്ജ തോന്നുന്ന കാര്യത്തിൽ മനുഷ്യർക്ക് സൃഷ്ടികളെക്കാൾ ബാദ്ധ്യത സ്രഷ്ടാവിനോടാണ്. [ബുഖാരി].

# നീച സ്വഭാവങ്ങൾ

## അക്രമം

യഥാർത്ഥ മുസ്‌ലിമിൽ നിന്ന് ഒരു അക്രമവും ഉണ്ടാകുകയില്ല. കാരണം, അക്രമം ഇസ്‌ലാമിൽ നിഷിദ്ധമാക്കപ്പെട്ട കാര്യമാകുന്നു. അല്ലാഹു പറയുന്നു:

﴿...ومن يظلم منكم نذقه عذابا كبيرا ﴾ الفرقان:١٩

**അതിനാൽ (മനുഷ്യരെ) നിങ്ങളിൽ നിന്ന് അക്രമം ചെയ്തതാരോ അവന്ന് നാം ഗുരുതരമായ ശിക്ഷ ആസ്വദിപ്പിക്കുന്നതാണ്.** (വി.ഖു. 25:19)

ഖുദുസീ ആയ ഒരു ഹൈദീഥിൽ അല്ലാഹു പറയുന്നതായി ഇങ്ങനെ കാണാം:

((ياعبادي إني حرمت الظلم على نفسي، وجعلته بينكم محرما فلا تظالموا..)) مسلم

എൻെറ അടിമകളേ, ഞാൻ എൻെറമേൽ അക്രമം നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാനത് നിഷിദ്ധമാക്കുന്നു. അതുകൊണ്ട് നിങ്ങൾ പരസ്പരം അക്രമിക്കരുത്.. [മുസ്‌ലിം]

## അക്രമം മൂന്നിനമുണ്ട്.

**1-സൃഷടി സ്രഷ്ടാവിനോട് ചെയ്യുന്ന അക്രമം:** ഇത് ചില പ്പോൾ ദൈവനിഷേധത്തിലൂടെയായിരിക്കും. അല്ലാഹു പറയുന്നു:

﴿...والكافرون هم الظالمون﴾ البقرة:٢٥٤

**...സത്യനിഷേധികൾ തന്നെയാകുന്നു അക്രമികൾ** (വി.ഖു. 2:254)

അല്ലാഹുവിനു മാത്രം ചെയ്തിരിക്കേണ്ട ആരാധനകൾ മറ്റുള്ളവർക്കു ചെയ്തു കൊണ്ട് ശിർക്ക് ചെയ്യുന്നതും അക്രമം തന്നെ. അല്ലാഹു പറയുന്നു:

﴿...إن الشرك لظلم عظيم﴾ لقمان:١٣

**തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.** (വി.ക്വു.31:13)

**2-സൃഷ്ടികൾ പരസ്പരമുള്ള അക്രമം:** മറ്റുള്ളവരുടെ സമ്പത്ത്, ശരീരം, അഭിമാനം എന്നിവയിൽ അവകാശം കൂടാതെ കടന്നു കയറ്റം നടത്തുന്നത് അക്രമമാണ്. നബി ﷺ പറഞ്ഞു:

((كل المسلم على المسلم حرام: دمه، وماله، وعرضه)) البخاري

ഒരു മുസ്ലിമിൻെറ സർവ്വസ്വവും മറ്റൊരു മുസ്ലിമിന് നിഷിദ്ധമാണ്, അതായത്: അവൻെറ രക്തം (ജീവൻ), ധനം, അഭിമാനം തുടങ്ങിയവ. [ബുഖാരി]

നബി ﷺ പറയുന്നു:

((من كان عنده مظلمة لأخيه من عرض أو شيء فليتحلله منه اليوم من قبل أن لا يكون دينار ولا درهم، إن كان له عمل صالح أخذ منه بقدر مظلمته، وإن لم يكن له حسنات أخذ من سيئات صاحبه فحمل عليه)) البخاري

ആരുടെയെങ്കിലും പക്കൽ തൻെറ സഹോദരൻെറ അഭിമാനമോ മറ്റോ കവർന്നെടുത്തത് (ബാദ്ധ്യത) ഉണ്ടെങ്കിൽ, ദീനാറും ദിർഹമും (വില) ഇല്ലാതായിത്തീരുന്ന ഒരു ദിവസത്തിനു മുമ്പ് അവൻ അതിൻെറ ബാദ്ധ്യതകൾ കൊടുത്തു തീർത്തു കൊള്ളട്ടെ. അന്ന്, അവന് സൽകർമ്മങ്ങൾ വല്ലതുമുണ്ടെങ്കിൽ അവൻ കവർന്നെടുത്ത തോതനുസരിച്ച് അതിൽ നിന്ന് പിടിച്ചെടുക്കപ്പെടും. അവന് സൽകർമ്മങ്ങളൊന്നും തന്നെയില്ലെങ്കിൽ, (അവന് ബാദ്ധ്യതയുള്ള) അവൻെറ കൂട്ടുകാരൻെറ തിന്മകൾ എടുത്ത് ഇവനിൽ ചാർത്തപ്പെടും. [ബുഖാരി]

**3-ആത്മദ്രോഹം:** നിഷിദ്ധകാര്യങ്ങൾ ചെയ്യുന്നതിലൂടെയായിരിക്കും ഇത്. അല്ലാഹു പറയുന്നു:

﴿...وما ظلمونا ولكن كانوآ أنفسهم يظلمون ﴾ البقرة:٥٧

**അവർ (എന്നിട്ടും നന്ദികേടു കാണിച്ചവർ) നമുക്കൊരു ദ്രോഹവും വരുത്തിയിട്ടില്ല. അവർ അവർക്കു തന്നെയാണ് ദ്രോഹമുണ്ടാക്കിയിരിക്കുന്നത്.** (വി.ക്വു. 2:57)

നിഷിദ്ധ കാര്യങ്ങൾ ചെയ്യുകവഴി അല്ലാഹുവിൻെറ ശിക്ഷക്കു പാത്രീഭവിക്കുന്നതിനാലാണ് അത് അക്രമമാണെന്ന് പറയുന്നത്.

## അസൂയ

അസൂയ ഒരു ദുസ്വഭാവമാണ്. ഒരു മുസ്ലിം നിർബന്ധമായും അത് ഒഴിവാക്കിയിരിക്കേണ്ടതാകുന്നു. കാരണം, അല്ലാഹു അവൻെറ അനുഗ്രഹങ്ങൾ തൻെറ സൃഷ്ടികൾക്കിടയിൽ പങ്കുവെച്ചു നൽകിയതിലുള്ള പ്രതിഷേധമാണ് അസൂയ. അല്ലാഹു പറയുന്നു:

﴿ أم يحسدون الناس على ما آتاهم الله من فضله... ﴾ النساء:٥٤

**അതല്ല, അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് മറ്റു മനുഷ്യർക്ക് നൽകിയിട്ടുള്ളതിന്റെ പേരിൽ അവർ അസൂയപ്പെടുകയാണോ?** (വി.ക്വു. 4:54)

### അസൂയ രണ്ടുവിധത്തിൽ കാണപ്പെടാം.

1-മറ്റൊരാൾക്കു ലഭിച്ച ധനം, അറിവ്, അധികാരം തുടങ്ങിയ അനുഗ്രഹങ്ങൾ നശിച്ചു പോകാനും തനിക്കതു ലഭിക്കാനും കൊതിക്കുക.
2-തനിക്കു ലഭിച്ചിട്ടില്ലെങ്കിലും ആ അനുഗ്രഹങ്ങളെല്ലാം നശിച്ചു കാണണമെന്ന ആഗ്രഹം.

നബി ﷺ പറയുന്നു:

**((إياكم والحسد، فإن الحسد يأكل الحسنات كما تأكل النار الحطب أو العشب))** أبوداود

നിങ്ങൾ അസൂയയെ കരുതിയിരിക്കുക, കാരണം, തീ വിറകിനെയോ പുല്ലിനെയോ തിന്നുകളയുന്നതു പോലെ അസൂയ നന്മകളെ നശിപ്പിക്കും. [അബൂദാവൂദ്]

മറ്റൊരുത്തനു ലഭിച്ച അനുഗ്രഹം, നശിച്ചു കാണണമെന്ന ആഗ്രഹമി

ല്ലാതെ തനിക്കും ഉണ്ടാകണമെന്ന് കൊതിക്കുന്നത് അസൂയയല്ല.

## ചതി

ഒരു മുസ്ലിം തൻെറ സഹോദരങ്ങളോട് ഗുണകാംക്ഷയുള്ളവനായിരിക്കും. അവൻ ഒരാളെയും പറ്റിക്കുകയില്ല. തന്നോട് മറ്റുള്ളവർക്ക് എന്തെല്ലാം കടമകളുണ്ടോ അവയെല്ലാം അവൻ മറ്റുള്ളവരോടും നിറവേറ്റിയിരിക്കണം. നബി ﷺ പറയുന്നു:

((من غشنا فليس منا)) مسلم

വിശ്വാസവഞ്ചന നടത്തുന്നവൻ നമ്മിൽ പെട്ടവനല്ല. [മുസ്ലിം]

**أن رسول الله ﷺ مر على صبرة طعام، فأدخل يده فيها، فنالت يـده بلـلا، قال: ((ما هذا يا صاحب الطعام؟)) قال: أصابته السماء يارسول الله ، قال ((أفلا جعلته فوق الطعام حتى يراه الناس! من غشنا فليس منا)) مسلم**

നബി ﷺ (വിൽക്കാൻ വെച്ച) ഒരു ഭക്ഷണ കൂമ്പാരത്തിൻെറ അരികിലൂടെ നടന്നു പോകുമ്പോൾ അതിൽ കയ്യിട്ടു നോക്കി. കയ്യിൽ നനവ് അനുഭവപ്പെട്ട നബി ﷺ ചോദിച്ചു: ഭക്ഷണ (കച്ചവട) ക്കാരാ! എന്താണിത്? കച്ചവടക്കാരൻ: ദൈവദൂതരേ, മഴ കൊണ്ടതാണ്. നബി: ജനങ്ങൾ കാണത്തക്ക വിധം അത് മുകളിൽ വക്കരുതോ, നമ്മെ ചതിച്ചവൻ നമ്മിൽ പെട്ടവനല്ല. [മുസ്ലിം]

## പൊങ്ങച്ചം

അറിവിൻെറ പേരിൽ പലരും പൊങ്ങച്ചം നടിക്കാറുണ്ട്. അതു മൂലം അവൻ ഔന്നത്യം നടിക്കാനും താനല്ലാത്ത സാധാരണക്കാരെയോ പണ്ഡിതന്മാരെയോ നിന്ദിക്കാനും ഒരുങ്ങുന്നു. പണമുണ്ടെന്ന കാരണത്താലും പലപ്പോഴും മനുഷ്യർ പൊങ്ങച്ചം നടിക്കാറുണ്ട്. അതുപോലെ തന്നെയാണ് തൻെറ ശക്തി, താൻ ചെയ്യുന്ന ആരാധനാ കർമ്മങ്ങൾ എന്നിവയിലും പൊങ്ങച്ചം നടിക്കുന്നവരുണ്ട്.

യഥാർത്ഥ മുസ്ലിം പൊങ്ങച്ചം വെടിയുകയും, അതിൽ ചെന്നു പതിക്കുന്നത് കരുതിയിരിക്കുകയും വേണം. പിശാച് സ്വർഗ്ഗത്തിൽ നിന്ന്

നിഷ്കാസിതനാകാൻ കാരണം അവൻെറ പൊങ്ങച്ചമായിരുന്നെന്ന് മുസ്‌ലിം ഓർത്തിരിക്കണം. ആദമിനു സാഷ്ടാംഗം ചെയ്യാൻ കൽപിച്ചപ്പോൾ അവൻ അല്ലാഹുവിനോട് പറഞ്ഞ വാക്ക് എന്തായിരുന്നു? നീ കളിമണ്ണിൽ നിന്നു സൃഷ്ടിച്ചിട്ടുള്ള അവനെക്കാൾ ഉത്തമനാണ്, നീ തീ കൊണ്ട് സൃഷ്ടിച്ച ഞാൻ. അല്ലാഹുവിൻെറ അനുഗ്രഹത്തിൽ നിന്ന് അവൻ പുറത്താക്കപ്പെടാൻ കാരണമായതും ഇതു തന്നെ.

ഇന്ന് എനിക്ക് അല്ലാഹു നൽകിയിട്ടുള്ള വിജ്ഞാനം, ധനം, ആരോഗ്യം തുടങ്ങിയുള്ള സർവ്വ അനുഗ്രഹങ്ങളും ഒരൊറ്റ നിമിഷം കൊണ്ട് പിൻവലിക്കാനും കഴിവുള്ളവനാണ് അല്ലാഹു എന്ന് സദാ ഓർത്തിരിക്കലാണ് പൊങ്ങച്ചത്തിനുള്ള ഔഷധം.

## സൽസ്വഭാവങ്ങൾ എങ്ങനെ നേടാം?

ഒരു മനുഷ്യൻ ശീലിച്ചുവന്ന സ്വഭാവങ്ങൾ മാറ്റിയെടുക്കുന്നതിനെക്കാൾ വിഷമകരമായ മറ്റൊരു കാര്യമില്ല എന്നതിൽ രണ്ടഭിപ്രായമില്ല. എന്നാൽ ഒഴികഴിവു പറഞ്ഞു രക്ഷപ്പെടാവുന്നതോ, തീർത്തും അസാദ്ധ്യമോ ആയ ഒരു കാര്യമല്ല അത്. തൻെറ ദുസ്വഭാവങ്ങളെയും ദുശ്ശീലങ്ങളെയും മാറ്റി സൽസ്വഭാവിയായിത്തിരാൻ പലമാർഗ്ഗങ്ങളും ഉണ്ട്.

**1-ശരിയായ വിശ്വാസം:** ഏതൊരു കാര്യത്തിലും വിശ്വാസത്തിനു അതിയായ പ്രാധാന്യമുണ്ട്. മനുഷ്യൻെറ സ്വഭാവം-സർവ്വസാധാരണമായി- തൻെറ ചിന്തയുടെയും, ആദർശങ്ങളുടെയും, മതവിശ്വാസത്തിൻെറയും പ്രതിഫലനങ്ങളായിരിക്കും.

ഇവിടെ വിശ്വാസം എന്നതു കൊണ്ട് വിവക്ഷ ഈമാൻ ആകുന്നു. സത്യവിശ്വാസികളിൽ പൂർണ്ണത നേടിയവർ സൽസ്വഭാവികളാണല്ലോ. ഒരാളുടെ വിശ്വാസം ശരിയായാൽ അതെ തുടർന്ന് അയാളുടെ സ്വഭാവവും ശരിയാകും. ശരിയായ വിശ്വാസം അതിൻെറ വാഹകനെ സത്യം, ഔദാര്യം, വിവേകം, ധൈര്യം തുടങ്ങിയ സൽസ്വഭാവങ്ങളിലേക്കു നയിക്കുന്നതോടൊപ്പം, കള്ളംപറയൽ, പിശുക്ക്, അവിവേകം, വിഡ്ഢിത്തം തുടങ്ങിയ ദുസ്വഭാവങ്ങളിൽ നിന്ന് അവനെ തടയുകയും ചെയ്യും.

**2-പ്രാർത്ഥന:** ഇത് വിശാലമായ ഒരു കവാടമാണ്. ഒരു മനുഷ്യന് ഇതു തുറന്നു കിട്ടിയാൽ അവന്ന് നന്മകളും അനുഗ്രഹങ്ങളും അനുസ്യൂതം ലഭിച്ചു കൊണ്ടേയിരിക്കും. ദുസ്വഭാവങ്ങൾ വെടിഞ്ഞു, സൽസ്വഭാവങ്ങൾ വാരിപ്പുണരണമെന്ന് ആഗ്രഹിക്കുന്നവൻ, അതിനായി തൻെറ നാഥനിലാണ് അഭയം കണ്ടെത്തേണ്ടത്. നബി ﷺ തൻെറ നമസ്കാരത്തിൻെറ പ്രാരംഭ പ്രാർത്ഥനയിൽ ഇങ്ങനെ പറയാറുണ്ടായിരുന്നു:

((اللهم اهدني لأ حسن الأخلاق، لا يهدي لأ حسنها إلا أنت، واصرف عني سيئها، لا يصرف عني سيئها إلا أنت)) مسلم

അല്ലാഹുവേ, സൽസ്വഭാവങ്ങളിലേക്ക് നീ എനിക്കു മാർഗ്ഗദർശനം നൽകേണമേ, നീയല്ലാതെ മറ്റാരും ആ മാർഗ്ഗദർശനം നൽകുകയില്ല. എല്ലാ ദുസ്വഭാവങ്ങളെയും നീ എന്നിൽ നിന്നു അകറ്റേണമേ, അവയെ നീയല്ലാതെ ഒരാളും എന്നിൽ നിന്ന് തിരിച്ചു കളയുകയില്ല. [മുസ്ലിം]

**3-പരിശ്രമം:** ഇക്കാര്യത്തിൽ പരിശ്രമത്തിനു വലിയ പങ്കുണ്ട്. ദുസ്വഭാവങ്ങൾ വെടിയാനും സൽസ്വഭാവങ്ങൾ സ്വീകരിക്കാനും പരിശ്രമിക്കുന്നവന് മഹത്തായ ഗുണങ്ങൾ ലഭ്യമാകുകയും, വ്യാപകമായേക്കാവുന്ന പല തിന്മകളിൽ നിന്നും അവൻ അകലുകയും ചെയ്യും. സ്വഭാവങ്ങൾ ചിലത് ജന്മസിദ്ധവും മറ്റുചിലത് പരിശീലനങ്ങൾ കൊണ്ട് സ്വായത്തമാക്കാവുന്നവയുമാണ്. പരിശ്രമം എന്നാൽ, ഒന്നോ, രണ്ടോ, അതിലധികമോ പ്രാവശ്യം നടത്തുന്ന ശ്രമങ്ങൾ അല്ല. പരിശ്രമം മരണം വരെ തുടരണം. കാരണം, ഈ പരിശ്രമം ഒരു ആരാധനയാണ്. അല്ലാഹു പറയുന്നു:

﴿ واعبد ربك حتى يأتيك اليقين﴾ الحجر:٩٩

**ഉറപ്പായ കാര്യം (മരണം) നിനക്കു വരുന്നതു വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക.** (വി.ക്വു. 15:99)

**4-ആത്മവിചാരണ (സ്വയം വിമർശനം):** മോശമായ വല്ലതും ചെയ്തു പോയാൽ സ്വയം വിമർശനത്തിനു വിധേയമാക്കി, വീണ്ടു

മൊരു പ്രാവശ്യം അതിലേക്കു മടങ്ങാതിരിക്കാൻ ശരീരത്തെ തയ്യാറാക്കുക.

**5-സൽസ്വഭാവം തന്നിൽ വരുത്തിയ മാറ്റങ്ങളെ കുറിച്ചു ചിന്തിക്കുക:** ഏതൊരു കാര്യത്തിൻെറയും സദ്ഫലം എന്താണെന്ന് അറിയുക, പരിണിത ഫലങ്ങൾ ഓർക്കുക എന്നതെല്ലാം അവ വീണ്ടും പ്രവർത്തിക്കാനും, അവക്കുവേണ്ടി അദ്ധ്വാനിക്കാനും പ്രേരകമാകും.

**6-ദുസ്വഭാവങ്ങളുടെ പരിണിത ഫലത്തെ കുറിച്ചു ചിന്തിക്കുക:** ദുസ്വഭാവങ്ങൾ വരുത്തിവെക്കുന്ന ദുഃഖങ്ങൾ, സ്ഥിരമായ മനോവേദനകൾ, നഷ്ടബോധം, തൻെറ സ്വഭാവം ഇങ്ങനെ തലതിരിഞ്ഞു പോയതിലുള്ള അമർഷം എന്നിവയെ കുറിച്ചു ചിന്തിച്ചു, തിരുത്താൻ ശ്രമിക്കുക.

**7-സ്വയം ശുദ്ധീകരണത്തെ കുറിച്ചുള്ള ആശ കൈവിടാതിരിക്കുക:** ഒരു മുസ്ലിം ഒരിക്കലും ഇക്കാര്യത്തിൽ നിരാശനാകരുത്. അത് അവന് ഭൂഷണമല്ല. തൻെറ പ്രതീക്ഷകൾ അവൻ എന്നും സജീവമായി നിലനിർത്തുകയും, സ്വാഭാവ വൈകല്യങ്ങൾ ദൂരീകരിച്ചു മനസ്സിൻെറ പൂർത്തികരണത്തിനു പ്രയത്നിക്കുകയും വേണം.

**8-സുസ്മേര വദനനായിരിക്കുക, മുഖം ചുളിക്കാതിരിക്കുക:** ഒരു മുസ്ലിം തൻെറ സഹോദരൻെറ മുഖത്തു നോക്കി പുഞ്ചിരിക്കുന്നതു പോലും പ്രതിഫലാർഹമായ സ്വദഖഃയാണ്. നബി ﷺ പറയുന്നു:

**(( تبسمك في وجه أخيك لك صدقة))** أخرجه الترمذي وصححه الألباني.

നിൻെറ സഹോദരൻെറ മുഖത്തു നോക്കി നീ പുഞ്ചിരിക്കുന്നതു ഒരു ദാനം (സൽകർമ്മം) ആകുന്നു. [തുർമുദീ]

**((لا تحقرن من المعروف شيئا ولو أن تلقى أخاك بوجه طلق))** مسلم

നന്മയായുള്ള ഒരുകാര്യത്തെയും- നിൻെറ സഹോദരനെ സുസ്മേര വദനനായി കണ്ടുമുട്ടുന്നതു പോലും- നീ നിസ്സാരമായി ഗണിക്കരുത്. [മുസ്ലിം]

**9-അന്യരുടെ തെറ്റുകൾ കണ്ടില്ലെന്നോ, അശ്രദ്ധയോ നടിക്കുക:** ഇത് മഹാന്മാരുടെ സ്വഭാവങ്ങളിൽ പെട്ടതാണ്. തെറ്റു ചെയ്ത ആളാണെങ്കിലും അയാളുമായുള്ള സ്നേഹം ഉണ്ടാക്കാനും, നിലനിർത്താനും, ശത്രുത ഇല്ലാതാക്കാനും ഇത് സഹായകമാകും.

**10-വിവേകം:** ഇത് ഏറ്റവും ഉന്നതമായ ഒരു ഗുണമാണ്. ബുദ്ധിയുള്ളവർക്ക് ഇത് നിർബന്ധമാണ്. ദേഷ്യം വരുമ്പോൾ ആത്മനിയന്ത്രണം കൈവരിക്കലാണിത് കൊണ്ടുദ്ദേശ്യം. ഒരു വിവേകി ഒരിക്കലും കോപിച്ചു കൂടാ എന്നൊരു നിബന്ധനയൊന്നും ഇതിനു പിന്നിലില്ല. ദേഷ്യത്തിനു കാരണമായേക്കാവുന്ന കാര്യങ്ങൾ തൻെറ വികാരത്തെ പ്രകോപിപ്പിക്കുമ്പോൾ, അതിനെ നിയന്ത്രിക്കുക എന്നു മാത്രം. വിവേകിയായാൽ അവൻെറ സ്നേഹജനങ്ങൾ കൂടുകയും ശത്രുക്കൾ കുറയുകയും അവൻെറ പദവി ഉയരുകയും ചെയ്യും.

**11-അവിവേകികളെ അവഗണിക്കുക:** വിഢ്ഢികളെ അവഗണിച്ചു പോകാൻ കഴിയുന്നവന്, തൻെറ അഭിമാനം സംരക്ഷിക്കാം, മനഃസ്സമാധാനം കൈവരിക്കാം, വിഷമകരമായ കാര്യങ്ങൾ കേൾക്കാതിരിക്കാം. അല്ലാഹു പറയുന്നു:

﴿ خذ العفو وامر بالعرف وأعرض عن الجاهلين ﴾ الأعراف:١٩٩

**നീ വിട്ടുവീഴ്ച സ്വീകരിക്കുകയും, സദാചാരം കൽപിക്കുകയും, അവിവേകികളെ വിട്ടു തിരിഞ്ഞു കളയുകയും ചെയ്യുക.** (വി.ക്വു. 7:199)

**12-മറ്റുള്ളവരെ തെറിവിളിക്കാതിരിക്കുക.**

**13-ഉപദ്രവങ്ങൾ മറക്കുക:** താങ്കളെ ഉപദ്രവമേൽപിച്ചവരുടെ ഉപദ്രവങ്ങൾ മറന്നേക്കുക. അതുമൂലം അവരെ കുറിച്ചു നിങ്ങളുടെ മനസ്സിൽ കറയുണ്ടാകില്ല, അവരിൽ നിന്ന് അകൽച്ചയും സംഭവിക്കില്ല. തൻെറ സമസൃഷ്ടികൾ തനിക്കേൽപിച്ച ഉപദ്രവങ്ങളെ സദാ ഓർത്തു കൊണ്ടു നടക്കുന്നവന് ഒരിക്കലും അവരുടെ സ്നേഹം കരസ്ഥമാക്കാൻ കഴിയില്ല, എന്നു മാത്രമല്ല അവരുടെ കൂടെ ജീവിക്കാൻ പോലും കഴിയാതെ വരും. അതിനാൽ കഴിയുന്നത്ര മറന്നേക്കുക.

**14-വിട്ടുവീഴ്ചയും മാപ്പും നൽകുക:** തിന്മയെ നന്മകൊണ്ട് നേരിടുക, ഇതു മൂലം ഉന്നത പദവിയും മനഃശ്ശാന്തിയും ലഭിക്കും, മനസ്സിൻെറ പ്രതികാര വാഞ്ഛ കുറയും.

**15-ഔദാര്യം:** ഇത് വളരെ പ്രശംസനീയമാണ്. പിശുക്ക് വളരെയധികം ആക്ഷേപാർഹവുമാകുന്നു. ഔദാര്യം സ്നേഹബന്ധങ്ങൾ ഊട്ടിയുറപ്പിക്കും. ശത്രുത ഇല്ലാതാക്കും. സൽപേരു സമ്പാദിച്ചു തരും. ന്യൂനതകളും പോരായ്മകളും മറച്ചുവക്കും.

**16-അല്ലാഹുവിൻെറ പ്രതിഫലം കാംക്ഷിക്കുക:** ഉന്നതസ്വഭാവങ്ങൾ കരഗതമാകുവാൻ ഏറ്റവും കൂടുതൽ സഹായകമാവുക ഇതാണ്. ക്ഷമ, ത്യാഗപരിശ്രമം, സഹനം എന്നിവക്കെല്ലാം ഇത് കാരണമാകും. തൻെറ സൽസ്വഭാവം നിമിത്തം അല്ലാഹുവിങ്കൽ നിന്ന് പ്രതിഫലം ലഭിക്കും എന്നുറപ്പുള്ള ഏതൊരാളും അത് സമ്പാദിക്കാൻ ശ്രമിക്കുകയും, ആ മാർഗ്ഗത്തിൽ നേരിട്ടേക്കാവുന്ന എല്ലാ പ്രശ്നങ്ങളെയും തൃണവൽഗണിച്ചു മുന്നേറുകയും ചെയ്യും.

**17-ദേഷ്യം ഒഴിവാക്കുക:** കോപം മനസ്സിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന തീക്കനലാണ്. അത് അക്രമം, പ്രതികാരം എന്നിവക്ക് പ്രേരിപ്പിച്ചു കൊണ്ടേയിരിക്കും. കോപം വരുമ്പോൾ ആത്മനിയന്ത്രണം കൈവന്നാൽ അവന് സ്വശരീരത്തിൻെറ അന്തസ്സും അഭിമാനവും സംരക്ഷിക്കാം, നിന്ദ്യത, ദുഃഖം എന്നിവയിൽ നിന്ന് മോചിതനാകുവാനും കഴിയും.

**عن أبي هريرة ﷺ قال:(( جاء رجل فقال: يا رسول الله ! أوصني، فقال: لا تغضب، ثم ردد مرارا، فقال: لا تغضب))** رواه البخاري

അബൂഹുറയ്റ ﷺ പറയുന്നു: ഒരാൾ വന്നു, നബി ﷺ യോട് പറഞ്ഞു: ദൈവദൂതരേ, എനിക്ക് ഒരു ഉപദേശം നൽകിയാലും ! നബി ﷺ പറഞ്ഞു: നീ കോപിക്കരുത്. അതേ ചോദ്യം തന്നെ അയാൾ ആവർത്തിച്ചു കൊണ്ടിരുന്നപ്പോഴെല്ലാം നബി ﷺ പറഞ്ഞു: നീ കോപിക്കരുത്. [ബുഖാരി]

**18-ക്രിയാത്മക വിമർശനം, നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളുക:** നമ്മുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കപ്പെട്ടാൽ ഉടൻ അവ തിരുത്തുക. ന്യൂനതകളെ കുറിച്ച് അജ്ഞത നടിച്ചതുകൊണ്ട് സ്വയം ശുദ്ധി കൈവരിക്കാൻ കഴിയില്ല.

**19-ഉത്തരവാദിത്വം പൂർണ്ണമായി നിറവേറ്റുക:** അതു മൂലം ആക്ഷേപം, അനാവശ്യമായ ഒഴികഴിവുകൾ പറയൽ, മറ്റുള്ളവർക്കു മുമ്പിൽ മുട്ടുമടക്കൽ എന്നിവയിൽ നിന്ന് മോചിതനാകാം.

**20-തെറ്റു പറ്റിയാൽ അതു സമ്മതിക്കുക, ന്യായീകരിക്കാതിരിക്കുക:** ഇത് സൽസ്വഭാവത്തിൻെറ വലിയ ഒരടയാളമാണ്. മാത്രമല്ല, ഇതുമൂലം നിരവധി കളവുകൾ പറയുന്നതിൽ നിന്ന് രക്ഷ നേടാം. ഇതു മൂലം മനുഷ്യൻെറ പദവി ഉയരുക മാത്രമേയുള്ളൂ.

**21-സത്യം പറയണമെന്ന വാശിയുണ്ടാകുക:** സത്യം മാത്രം പറയൽ ഉന്നതമായ ഒരു കാര്യമാണ്. തന്മൂലം കള്ളംപറയുക എന്ന നീചമായ സ്വഭാവത്തിൽ നിന്ന് മനുഷ്യൻ മോചിതനാകുന്നു. അക്കാരണത്താൽ ഒരു മനഃസ്സാക്ഷിക്കുത്ത് അനുഭവിക്കേണ്ടി വരില്ല. ജനങ്ങൾ തെറ്റിദ്ധരിക്കുകയോ, വിശ്വാസക്കുറവു കാണിക്കുകയയോ ചെയ്യില്ല. മാത്രമല്ല അന്തസും ധൈര്യവും ആത്മവിശ്വാസവും വർദ്ധിക്കും.

**22-തെറ്റു ചെയ്യുന്നവരെ അമിതമായി ആക്ഷേപിക്കാതിരിക്കുക:** അമിതാക്ഷേപം വിദ്വേഷത്തിനു കാരണമാകും. ശത്രുത വളരും. കേൾക്കാനിഷ്ടപ്പെടാത്തത് കേൾക്കേണ്ടി വരും. ബുദ്ധിയുള്ളവൻ തൻെറ സമസൃഷ്ടികൾ ചെയ്യുന്ന ചെറുതും വലുതുമായ പോരായ്മകൾക്കും അവരെ ആക്ഷേപിക്കുകയില്ല. മാത്രമല്ല, അവരുടെ കാരണങ്ങൾ അന്വേഷിക്കുകയും ചെയ്യും. എന്നിട്ടും ആക്ഷേപം അനിവാര്യമാണെങ്കിൽ സൗമ്യമായ നിലയിൽ അതു നടത്തുകയും ചെയ്യും.

**23-സൽസ്വഭാവികളോട് സഹവസിക്കുക:** സൽസ്വഭാവം മനസ്സിൽ രൂപപ്പെടുത്താനും അത് വളർത്തിയെടുക്കാനും ഇത് വളരെ

അത്യാവശ്യമായ ഒന്നാണ്.

**24-സദസ്സിൻെറയും സംഭാഷണത്തിൻെറയും മര്യാദകൾ പാലിക്കുക:** ഒരാൾ സംസാരിക്കുമ്പോൾ അവൻ പറയുന്നത് സശ്രദ്ധം കേൾക്കുക, അതിൽ ഇടക്കു കയറി ഇടപെട്ടു ഭംഗം വരുത്താതിരിക്കുക, അയാൾ പറയുന്നത് ശരിയല്ലെന്ന് ഇടക്കു കയറി പറയാതിരിക്കുക, അയാളെ നിസ്സാരനാക്കാതിരിക്കുക, സദസ്സിൽ പ്രവേശിക്കുമ്പോഴും പുറത്തു വരുമ്പോഴും സലാം പറയുക, സദസ്സിൽ മറ്റുള്ളവർക്കു കൂടി ഇരിക്കാൻ വിശാലത നൽകുക, ഒരാളെ എഴുന്നേൽപിച്ചു അവിടെ ഇരിക്കാതിരിക്കുക, ഒരുമിച്ചിരിക്കുന്ന രണ്ടാൾക്കാർക്കിടയിൽ അവരുടെ സമ്മതം കൂടാതെയുള്ള ഇരുത്തം ഒഴിവാക്കുക, മൂന്നാളുണ്ടെങ്കിൽ രണ്ടാൾ മാത്രം രഹസ്യം പറയാതിരിക്കുക എന്നിവയെല്ലാം അവയിൽ ചിലതു മാത്രം.

**25-പ്രവാചകചര്യ നിരന്തരമായി വായിക്കുക:** മനുഷ്യ സമൂഹം ഇന്നേവരെ ദർശിച്ചതിൽ ഏറ്റവും നല്ലമാതൃക അതിൽ ദർശിക്കാം. മനുഷ്യ ജീവിതത്തിലേക്കു നബി ﷺ നൽകിയ മാർഗദർശനം അതിൽ കണ്ടെത്താം.

**26-സ്വഹേബികളുടെ ചരിത്രം പഠിക്കുകയും ചിന്തിക്കുകയും ചെയ്യുക.**

**27-സ്വഭാവ സംസ്കരണത്തിനുള്ള ഗ്രന്ഥങ്ങൾ വായിക്കുക:** അത് സൽസ്വാവങ്ങളെ കുറിച്ച് ഉണർത്തുകയും അതിൻെറ മഹത്വം ഓർമ്മപ്പെടുത്തുകയും, അവ കരഗതമാക്കാൻ സഹായിക്കുകയും ചെയ്യും. ദുസ്വഭാവങ്ങളെ കുറിച്ചും, അവ വെടിയാനുള്ള മാർഗ്ഗങ്ങളെ കുറിച്ചും അത് വ്യക്തമാക്കും.

# വിഷയവിവരം


| നമ്പർ | വിഷയം | പുറം |
|---|---|---|
| 1 | സൽസ്വഭാവം | 3 |
| 2 | സൽസ്വഭാവിയുടെ അടയാളങ്ങൾ | 7 |
| 3 | നബി ﷺ യുടെ സ്വഭാവങ്ങൾ | 9 |
| 4 | സത്യസന്ധത | 12 |
| 5 | വിശ്വസ്തത | 13 |
| 6 | വിനയം | 14 |
| 7 | ലജ്ജ | 15 |
| 8 | നീച സ്വഭാവങ്ങൾ | 17 |
| 9 | അക്രമം | 17 |
| 10 | അസൂയ | 19 |
| 11 | ചതി | 20 |
| 12 | പൊങ്ങച്ചം | 20 |
| 13 | സൽസ്വഭാവങ്ങൾ എങ്ങനെ നേടാം? | 21 |


# المحتويات


١-أخلاق المسلم ٢-علامات حسن الخلق ٣-أخلاق الرسول
٤-الصدق ٥-الأمانة ٦-التواضع
٧-الحياء ٨-الأخلاق الذميمة ٩-الظلم
١٠-الحسد ١١-الغش ١٢-الغرور
١٣-من وسائل اكتساب الأخلاق

مليباري

# الأخلاق في الإسلام

e Co-operative office for Call & foreigners Guidance at Sul

ردمك: ٧-٨٣-٨١٣-٩٩٦٠

التعاوني للدعوة والإرشاد وتوعية الجاليات بسلطانة
ت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
[illegible] ناسوخ ٤٢٥١٠٠٥١ ص ب ٩٢٦٧٥ الرياض ١١٦٦٣ بريد إلكتروني Sultanah22@hotmail.com
E-mail : Sultanah22@hotmail.com